**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 553**
**06-03-2012 - ൽ മറുപടിനൽകേണ്ടിയിരുന്നത്.**

**വ്യവസായവികസന പാർക്ക്**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. എ. എം. ആരിഫ്** | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ വ്യവസായ വികസന പാർക്കിൽ ഇൻഡസ്ട്രിയൽ എക്സ്പോർട്ട് സോണിനായി സ്ഥലം അനുവദിച്ചിരുന്നുവോ; | (എ) അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പാർക്കിൽ സെസ് ആയി എത്ര സ്ഥലമാണ് പ്രഖ്യാപിച്ചിട്ടുള്ളത്; പ്രതിരോധ മന്ത്രാലയത്തിലെ ഏതു പദ്ധതിയാണ് ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത പാർക്കിൽ സെസ് ആയി 60 ഏക്കർ സ്ഥലം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രതിരോധ മന്ത്രാലയത്തിന്റെ ഓർഡനൻസ് ഫാക്ടറി എന്ന പദ്ധതി ഇവിടെ തുടങ്ങുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തെ സമീപിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ ബദൽ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു. |
| (സി) കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള പള്ളിപ്പുറം മണലിഷ്ടിക ഫാക്ടറി നിന്നിരുന്ന സ്ഥലം ആകെ എത്ര ഏക്കർ ഉണ്ട്; ആ സ്ഥലം ഏതെങ്കിലും പ്രോജക്ടുകൾ ആരംഭിക്കുന്നതിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള പള്ളിപ്പുറം മണലിഷ്ടിക ഫാക്ടറിയ്ക്ക് 6.59 ഹെക്ടർ സ്ഥലമാണ് ഉള്ളത്. ഈ സ്ഥലം, സാങ്കേതിക മികവുള്ളതും സാമ്പത്തികമായി വിജയകരവുമായ പ്രോജക്ടിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) മണലിഷ്ടിക ഫാക്ടറി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കമ്പോണൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്ക് ഇനിയും കൊടുത്തുതീർക്കുവാനുള്ള പിരിച്ചുവിടൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ഡി) സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം (എസ്.എസ്.എൻ.പി) ആനുകൂല്യങ്ങൾ നാളിതുവരെ വാങ്ങിയിട്ടില്ലാത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കമ്പോണൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ടി ആനുകൂല്യം നല്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ